**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3463** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള മുഴുവൻ തുകയും കൊടുത്തുതീർക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പ് കർഷകരിൽനിന്നും പഴം പച്ചക്കറി എന്നിവ സംഭരിച്ച വകയിൽ നൽകാനുള്ള മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | കോവിഡ്-19 കാലഘട്ടത്തിൽ കർഷകർ ഉത്പാദിപ്പിച്ച പഴം പച്ചക്കറികൾ യഥാസമയം വിറ്റഴിക്കുന്നതിനു പ്രയാസം നേരിട്ട സാഹചര്യത്തിലും കർഷകരിൽ നിന്നും പഴം പച്ചക്കറികൾ സംഭരിച്ച ഇനത്തിൽ നൽകാനുള്ള തുകയിൽ കുടിശ്ശിക വന്ന സാഹചര്യത്തിലും, ഓണം-വിഷു വിപണികളുടെ നടത്തിപ്പിനു ശേഷം പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ അക്കൗണ്ടിൽ ലഭ്യമായിരുന്ന തുക റിവോൾവിങ് ഫണ്ടായി ഉപയോഗിച്ച് കർഷകരുടെ ഉൽപന്നങ്ങൾ ശേഖരിക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും ഹോർട്ടികോർപ്പ് ശേഖരിച്ച പഴം പച്ചക്കറികളുടെ വിലയിനത്തിൽ നാളിതുവരെ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് 11,71,40,108/- രൂപ നല്കിയിട്ടുമുണ്ട്. സർക്കാർ റിവോൾവിംഗ് ഫണ്ടായി നൽകിയ മേപ്പടി തുക ഹോർട്ടികോർപ്പ് ഘട്ടംഘട്ടമായി തിരികെ സർക്കാരിലേയ്ക്ക് നൽകുന്നുണ്ട്. മേപ്പടി തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയും ഘട്ടംഘട്ടമായി കർഷകർക്ക് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വലിയതോതിൽ കർഷകർ പ്രാദേശിക വിപണിയിൽ വിൽക്കുന്ന പച്ചക്കറികൾ ഏറ്റെടുത്ത് ഹോർട്ടികോർപ്പിലെ കർഷക കൂട്ടായ്മ നഷ്ടത്തിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ കൃഷിവകുപ്പ് നടപടി സ്വീകരിക്കുമോ; | (ബി) | ഹോർട്ടികോർപ്പിൽ കർഷക കൂട്ടായ്മ നിലവിലില്ല. |
| (സി) | ഹോർട്ടികോർപ്പ് ഉറപ്പുനൽകിയ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കൈകാര്യചെലവ് എന്നിവ കർഷകർക്ക് ഹോർട്ടികോർപ്പ് നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കർഷകരുടെ ഉൽപന്നങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കൈകാര്യചെലവ് എന്നിവ ഹോർട്ടികോർപ്പ് പ്രത്യേകം നൽകാറില്ല. ഇവ ഉൾപ്പെടുത്തിയാണ് സംഭരണവില നിശ്ചയിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഹോർട്ടികോർപ്പ് ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | 2019 ലെ പ്രളയകാലത്തും 2020 ലെ കോവിഡ് മഹാമാരികാലത്തും ഹോർട്ടികോപ്പിന്റെ വില്പനയിൽ ഗണ്യമായ കുറവ് വന്നതിനാൽ, കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നു. ആയതിനാൽ ജീവനക്കാരുടെ ശമ്പളം ഒന്നോ രണ്ടോ മാസം യഥാസമയം നൽകുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. നിലവിൽ ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ